**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 903** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>നാട്ടുകാണി - പരപ്പനങ്ങാടി റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി ആരംഭിച്ച നാട്ടുകാണി - പരപ്പനങ്ങാടി റോഡ് കഴിഞ്ഞ 10 വർഷമായി നിർമ്മാണം പൂർത്തീകരിക്കാത്ത നിലയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ പ്രധാന സംസ്ഥാന പാതകളെ കൂട്ടിയിണക്കി കൊണ്ട് വിഭാവനം ചെയ്ത പദ്ധതിയായിരുന്ന ഡി.എഫ്.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് നാട്ടുകാണി പരപ്പനങ്ങാടി പ്രവൃത്തി. 110 കി.മീ. ദൂരത്തിന് 450 കോടി രൂപയായിരുന്ന വകയിരുത്തിയിരുന്നത്. 2016ൽ പ്രവൃത്തി ആരംഭിച്ചെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ചില പ്രത്യേക പരാമർശത്തെ തുടർന്ന് 2022ൽ കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവൃത്തി അവസാനിപ്പിക്കാൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 253 കോടി രൂപ മാത്രം ചെലവഴിച്ച് 40 കിലോമീറ്റർ ദൂരത്തിൽ പ്രവൃത്തി ചെയ്ത് അവസാനിപ്പിക്കുകയായിരുന്നു. തുടർന്ന് ബാക്കി വന്ന 170 കോടി രൂപയും ചേർത്ത് 210 കോടി രൂപയുടെ പുതിയ പ്രവൃത്തി ഭരണാനുമതിയ്ക്കായി സർക്കാറിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തൽകാലത്തേക്ക് മാറ്റിവെക്കുകയാണ് ചെയ്തത്. ആയത് കൊണ്ട് തന്നെ കഴിഞ്ഞ 7 വർഷമായി പ്രവൃത്തി ചെയ്യുവാൻ സാധിക്കാതെയിരിക്കുകയാണ്. ഇതേ റോഡിൽ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മമ്പാട് ടൗൺ നവീകരണ പ്രവൃത്തിയുടെ ഭാഗമായി , മമ്പാട്ട് ടൗണിൽ ഫുട്ട്പാത്ത് നവീകരണം, ഓട നിർമ്മിക്കൽ എന്നിവയും, നിലമ്പൂർ (ചന്തക്കുന്ന് ടൗൺ) മുതൽ വെളിയംതോട് വരെയുള്ള റോഡ് വീതി കൂട്ടൽ എന്ന പ്രവൃത്തിയും പുരോഗമിക്കുകയാണ്. നിലവിലുള്ള നിലമ്പൂർ ടൗൺ പ്രവൃത്തിയിൽ, നിലമ്പൂർ ടൗണിൽ കി. മീ. 71/900 മുതൽ കി. മീ 73/200 വരെയുള്ള ഭാഗം ബി എം & ബിസി ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത അന്തർസംസ്ഥാന പാതയുടെ ഏറ്റവും തിരക്കേറിയ വഴിക്കടവ് മുതൽ മുണ്ടേരി വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** എടക്കര മുതൽ വഴിക്കടവ് വരെയുള്ള 5കി.മീ പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് നബാർഡ് പദ്ധതിയിൽ 2024-25 വർഷത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചെങ്കിലും ഭരണാനുമതി ലഭ്യമായിട്ടില്ല. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നിർവ്വഹിക്കാവുന്നതാണ്. വഴിക്കടവ് മുതൽ മുണ്ടേരി വരെയുള്ള റോഡിൽ എടക്കര ജംഗ്ഷൻ മുതൽ പാലുണ്ട വരെയും പാലുണ്ട മുതൽ ചാത്തമുണ്ട വരെയും പൂക്കൊട്ടുംപാടം മുണ്ടേരി സീഡ് ഫാം റോഡ് റീച് 3 യിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന്

കിഫ്ബി പദ്ധതി - നിലവിലുണ്ട്. ടി പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത ടെണ്ടറിൽ 5 പേർ പങ്കെടുത്തിട്ടുണ്ട്. ഫിനാൻസ് ബിഡ് 11/03/2026 തീയതിയിൽ ഓപ്പൺചെയ്തിട്ടുണ്ട്. ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത മലബാർ പ്ലസ്സ് കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത തുക 31.89 കോടിയാണ്. പ്രസ്തുത ടെണ്ടർ ഗവൺമെൻറ് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ വച്ച് അപ്രൂവൽ നൽകുന്ന നടപടി പൂർത്തിയായാൽ ഉടൻ LoA നൽകി എഗ്രിമെൻറ് വച്ച് പ്രവർത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. ചാത്തമുണ്ട മുതൽ തമ്പുരാട്ടികല്ല് മുണ്ടേരി സീഡ് ഫാം ജംഗ്ഷൻ വരെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 26.05.2025 തിയതി പൂർത്തീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**